TB Movie Panel Weekly Review

**#moviepanel**

# സർദാർ ഉദ്ധം സിങ്

Written By : Jithin Sreedhar

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെയുള്ള കഠിനമായ വെറുപ്പ് പ്രകടിപ്പിക്കുന്നു എന്ന വിചിത്ര കാരണത്താൽ ഇന്ത്യയുടെ ഒഫിഷ്യൽ ഓസ്കാർ എന്ററി ലിസ്റ്റിൽ നിന്നും ഒരു സിനിമ തഴയപ്പെട്ടു എന്ന വാർത്ത കേട്ടത് മുതൽ തോന്നിയത് ആണ് ഈ സിനിമ കാണണം എന്ന്. അത് കൊണ്ട് തന്നെ ആമസോൺ പ്രൈമിൽ ടൈറ്റിൽസ് ഉൾപ്പെടെ 2 മണിക്കൂർ 42 മിനിറ്റും 48 സെക്കന്റസും ഉള്ള സിനിമ കണ്ട് തുടങ്ങും മുൻപ് എന്താണ് കഥ എന്ന് ഇന്റർനെറ്റിൽ ഒന്ന് അന്വേഷിക്കാതിരിക്കാൻ കഴിഞ്ഞില്ല.

Jallianwala Bagh massacre
13 April 1919

കുറച്ചു വർഷങ്ങൾക്ക് മുൻപ് ഒരു ഉത്തരേന്ത്യൻ യാത്രയിൽ ജാലിയൻ വലാ ബാഗ് സന്ദർശിക്കുകയുണ്ടായി. ആയിരങ്ങൾ വെടിയേറ്റ് വീണ്, പിടഞ്ഞു മരിച്ച ആ മൈതാനത്ത് അന്ന് ഞാൻ നിന്നത് ഒരു ടൂറിസ്റ്റ് മാത്രമായിട്ടായിരുന്നു. വെടിയുണ്ടകൾ തുളഞ്ഞുകയറിയ പാടുകൾ അതേ പടി നിലനിർത്തിയ പടുകൂറ്റൻ മതിൽ കെട്ടുകളും, നിരവധി പേർ രക്ഷപെടാൻ ചാടിയ മരണ കിണറും എല്ലാം കണ്ട്, ഫോട്ടോയെടുത്ത്, സന്തോഷമായി തിരികെ നാട്ടിലെത്തി. സത്യം പറയാമല്ലോ; ഇപ്പോൾ ഓർക്കുമ്പോൾ ലജ്ജ തോന്നുന്നു. ആരുടെയോ പ്രാണന്റെ തലയോട് മുറിച്ചു കടന്ന ബുള്ളറ്റിന്റെ യാത്രാ മദ്ധ്യത്തിൽ ആണ് അന്ന് ഞാൻ നിന്നത്. ചിരിച്ചത്. 'തല'യുയർത്തി പിടിച്ചു സെൽഫിയെടുത്തത്.

ശവങ്ങളുടെ മുകളിൽ കയറി നിന്ന് എന്നെ പോലുള്ള ആയിരങ്ങൾക്ക് സെൽഫിയെടുക്കാനുള്ള ഒരു ടൂറിസ്റ്റ് സ്പോട്ട് എന്നതിനപ്പുറം ജാലിയൻ വാല ബാഗ് എന്തെന്നറിയാൻ ഈ സിനിമ കാണണം. ദി കിംഗ് സിനിമയിൽ മമ്മൂട്ടിയുടെ ഡയലോഗ് ആണ് ഓർമ്മ വരുന്നത്. പുസ്തക താളുകളിൽ നാം കണ്ട ജാലിയൻ വാലാ ബാഗ് അല്ല ഇത്. കൂട്ടക്കൊല നടന്നിട്ട് നൂറ് വർഷം കഴിഞ്ഞിട്ടും ബ്രിട്ടീഷ് ഗവേർണമെന്റ് ഔദ്യോഗികമായി ഇത് വരെ ഒരു ക്ഷമാപണം പോലും ഈ വിഷയത്തിൽ നടത്തിയിട്ടില്ല എന്നത് കൂടി അറിയുമ്പോൾ ആണ് നമ്മൾ ശരിക്കും തരിച്ചിരുന്നു പോകുന്നത്. അത് കൊണ്ട് തന്നെ, കണ്മുന്നിൽ ആയിരങ്ങളുടെ കണ്ണീർ വീണതിന് വർഷങ്ങൾ കാത്തിരുന്ന്, നേർക്ക് നേരെ നിന്ന് കണക്ക് തീർത്ത സർദാർ ഉദ്ധം സിങ്ങ് എന്ന വീര ദേശാഭിമാനിയുടെ ഓർമ്മയ്ക്ക് മുൻപിൽ ഒരു നിമിഷം തല കുനിക്കാതെ നിങ്ങൾക്ക് ഈ സിനിമ കണ്ട് തീർക്കാനാകില്ല എന്നുറപ്പ്.

സർദാർ ഉദ്ധം സിങിന്റെ 19 വയസ് മുതൽ ഏതാണ്ട് 41-ആം വയസിൽ തൂക്കിലേറ്റപ്പെടുന്നത് വരെയുള്ള സംഭവ ബഹുലമായ ജീവിതം വിളിച്ചു പറയുന്ന വിക്കി കൗശലിന്റെ അതി ഗംഭീര പ്രകടനം. ചരിത്രത്തോട് നീതി പുലർത്തുന്ന പശ്ചാത്തലവും, അതിനൊത്ത കാസ്റ്റിംഗും. ശാന്തനു മൊയ്ത്രയുടെ മനോഹരമായ സംഗീതം. ശുബെന്ദു ഭട്ടാചാര്യയും, റിതേഷ് ഷായും ചേർന്ന് എഴുതിയ തിരക്കഥയിൽ സുജിത് സർക്കാർ സംവിധാനം നിർഹിച്ചിരിക്കുന്ന ഈ ചിത്രം ആമസോണിലാണ് കാണുവാൻ സാധിക്കുന്നത് എന്ന് ആദ്യമേ പറഞ്ഞുവല്ലോ. ബ്രിട്ടീഷ് വിരുദ്ധത പ്രകടിപ്പിച്ചു എന്ന കാരണത്താൽ തഴയപ്പെട്ടു എന്ന വാർത്ത തെറ്റാണെന്നും, ജൂറി പാനലിൽ ഉണ്ടായിരുന്ന ചിലരുടെ വ്യക്തിപരമായ അഭിപ്രായം മാത്രമാണ് അത് എന്നും പിന്നീട് പരസ്യ പ്രസ്താവനകൾ ഉണ്ടായി. ഏതായാലും എന്ത് കൊണ്ടും ഇന്ത്യക്ക് തലയുയർത്തി നിൽക്കാൻ കഴിയുന്ന ക്വാളിറ്റിയുള്ള ഉള്ള ഇത്തരം ഒരു സിനിമ ഒഴിവാക്കിയത് ഇതിലും മികച്ച സിനിമകൾ ജൂറിക്ക് മുൻപിൽ എത്തിയത് കൊണ്ടാകട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

Nb :- സമയ കുറവും, പോക്കറ്റിലെ മൊബൈലിൽ തന്നെ ഉണ്ടെന്ന തോന്നലും ഒക്കെ കൊണ്ട് നമ്മുടെ സിനിമ കാഴ്ചയുടെ സംസ്കാരം തന്നെ മാറി തുടങ്ങിയിട്ടുണ്ട്. നമ്മളിൽ പലരും ഒരു സിനിമ കണ്ട് തീർക്കുന്നത് പല ദിവസങ്ങൾ കൊണ്ടുമാകാം. അത് കൊണ്ട് തന്നെ ഈ സിനിമ കാണും മുൻപ് ഒരു അഭ്യർത്ഥന. കണ്ട് തുടങ്ങിയാൽ അവസാനം വരെ കാണുവാൻ ക്ഷമയും സമയവും ഉള്ളപ്പോൾ മാത്രം ആരംഭിക്കുക. എങ്കിൽ മാത്രമേ ആ കാലഘട്ടവും അതിന്റെ മുറിപ്പാടുകളും നിങ്ങൾക്ക് പൂർണ്ണമായും അനുഭവിയ്ക്കാൻ കഴിയുകയുള്ളൂ.